"She stood on the side of the road,
A damsel queen... so pretty to see
Her hair swayed in the mild air.."

"Words flow when there is an emotional exuberance or a mental tightening. What ever the feel, My love is poetry and it's the mirror I look myself at", the poet says.

Let's find more about this talented writer-turned-banker:

Winnie J Panicker
Canara Bank
Gobichettipalayam Branch

This young talent is a native of Thiruvananthapuram born to Shri Sasidharan A, who worked in Saudi Arabia, and Smt. B Jagadamma. As she was much younger than her two sisters and brother, she stayed with her parents in Dammam while her siblings spent their childhood in Kerala.

As the family stayed in Saudi Arabia, she spent her schooling till 10th grade at the International Indian School Dammam Saudi Arabia. She missed her home, sisters, brother and grand parents with whom she couldn't spend time. She wrote poems instead.. about old age and nature.

Then she came to Thiruvananthapuram and went to Saraswathi Vidyalaya to complete 11th and 12th grades. Following her passion to write, she went on to do Degree in Mass Communication from Mar Ivanios College, Nalanchira and completed Post Graduation in Communication from Christ University, Bangalore. All these years from her 11th grade, against her longingness to stay at her home, she tasted the loneliness of hostel-life.. and again she wrote, about loneliness and infatuations.

She got selected in Canara Bank as a Probationary Officer on 21.07.2014 and joined its Kazhakuttom branch and got to work in and around Thiruvananthapuram. She has worked in five different branches so far and got promoted to Scale II in the year 2020 and got transferred to Gobichettipalayam.

Poetry found her at the age of 13. She was in the 7th grade and her father introduced her to the world of words through the site poetry.com. In the beginning, she scribbled just for fun. It took her a while to realise that poetry was a medium to express herself, to shout out her thoughts and feelings to the world.. and she frequently penned her thoughts in the website.

She kept on writing, triggered by her own train of thoughts and words and by her 10th grade, had a set of poems with her which she felt she could publish. She approached her ever helping father who contacted the publishers.
Thus came into reality her first book, 'Loveliness of Dawn', a collection of 33 poems by her, in 2004 when she was in her 11th grade. And the foreword to this book was written by none other than late Dr. Ayyappa Paniker.

She filled her book with all kinds of topics – war, nature, colours, childhood, old age and love.. there rarely is an idea she has not picked! She used her words to react.. to respond to the world happenings. She mixes emotions with nature and colours and her poems are in the style of prose. They don't follow a rhyme or pattern but only her train of thoughts.

She proudly notes how encouraging her parents have been in moulding her into a poet. They stood strong by her side, inspiring her to write more. Her friends and teachers have also been great help in improving her writing skills. She has friends who critique her poems and comment on how she may write better.

She feels that she should be the voice of the voiceless.. defending the common man, the downtrodden, their rights and freedom. She has written some poems on social issues like prostitution, war, corruption and so on. Her poem, "Filthy Roads" is about the tragic lives of some unfortunate women in the Red streets. "Broken Dreams and Hopes", on the other hand, is about war. It is about the despair of a father and mother who lost their only child in war.

Winnie feels that the greatest challenge for a writer is to be able to meet the expectations of the reader. This makes her to strive towards writing her best. She is also experimenting on fusion writing.. a novel idea like the fusion dance or music.. with a mix of colours, love, passion, music and thoughts.

Her discipline is evident from the way she arranges the various ideas for a poem she plans to write. She does not leave her poems half way. Once she starts writing, she makes sure she completes it and doesn't keep the poem for later corrections. Though there wouldn't be clarity of the direction a poem might take as she starts it, by the end she gets the perfect words flowing.

One of her first poem, "Loveliness of Dawn" received the Editor's Choice Award from the International Library of Poetry, USA in the year 2001. Her second book, "Flowers on the violin" was released in 2009 with a forward by Dr. M. Leelavathy. And she received Bluemango Book Best Students Poet Award in 2009 with a prize money of Rs. One Lakh for the Poem "Flowers on the Violin".

She says she enjoys each poem as she writes it.. and that itself makes it enjoyable to the readers as well. Winnie describes how she could hear the magical music of the innocent blind man's violin, see the flower seller with her swaying hair and feel the welling melancholy as she wrote the poem. The link of the same is given here, a mesmerising poem without doubt..

The growth of the poet and change in her thoughts and perspectives are evident in the two books where we find similar topics treated very differently.
Winnie treasures the personal letter of appreciation sent to her by Dr. A.P.J. Abdul Kalam after reading her first collection of poems, "Loveliness of Dawn". She also beams as she reverently mentions that her poetry audio album was released by Shri S P Balasubramaniam in the year 2010.
Winnie has a blogspot where she collects her poems.

The link to this is : http://www.winniejpanicker.blogspot.com.

Winnie has grown another passion after joining our Talented Bankers group. That is drawing and painting.
Winnie's husband, Abhijith R works in a private firm and they are blessed with a baby angel who brightens up their day everyday, Tanvi Abhijith, who is just 2 and a half years old.

Winnie feels that a poet should be responsible and keep up to the expectations of the readers.. and to quote Robert Frost, “miles to go before I sleep.. miles to go before I sleep..”

Yes indeed, we at Talented bankers whole heartedly wish that each such mile be twinkling with the many insightful poems that her pen writes..

---------------------------------------------------------------------------------------------
Original article in English by: Arya Gayathry , State Bank of India, Pallickal Branch

മലയാളം തർജ്ജമ : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
---------------------------------------------------------------------------------------------

"ആ വഴിയരികിൽ അവൾ നിന്നു..
ഒരു രാജകുമാരിയെപ്പോലെ..
ഇളം കാറ്റിൽ അവളുടെ മുടിയിഴകൾ പാറിപ്പറന്നത് മനോഹരമായ കാഴ്ചയായി...
"വയലിനിലെ പുഷ്പങ്ങൾ" എന്ന പേരിൽ ആംഗലേയത്തിൽ വിടർന്ന കവിതാശകലം.

"മനസ്സിൽ പിരിമുറുക്കങ്ങൾ ഉണ്ടാവുമ്പോഴോ മനസ്സിൽ വികാരങ്ങൾ ഇളകിമറിയുമ്പോഴോ എന്നിൽ നിന്നും പുറത്തേക്ക് വന്നിരുന്നത് കവിതകൾ ആയിരുന്നു. മനസ്സിൽ എന്ത് വികാരങ്ങൾ ചിറകടിച്ചാലും കവിതയായിരുന്നു എന്റെ പ്രണയം.. ഞാൻ എന്നെത്തന്നെ നോക്കികണ്ട കണ്ണാടി.."

കവയിത്രിയായി അംഗീകാരങ്ങൾ നേടിയ ശേഷം ബാങ്ക് ജീവനക്കാരിയായ ഒരാളാണ് ഈ ആഴ്ച്ച നമ്മുടെ പ്രതിഭ.

വിന്നി ജെ പണിക്കർ,
കാനറാ ബാങ്ക്,
ഗോബിചെട്ടിപ്പാളയം.

തിരുവനന്തപുരം സ്വദേശികളായ എ ശശിധരന്റെയും ബി

ജഗദമ്മയുടെയും നാല് മക്കളിൽ ഏറ്റവും ഇളയ മകളായി ജനിച്ച വിന്നിയുടെ കുട്ടിക്കാലം മാതാപിതാക്കൾക്കൊപ്പം സൗദിയിൽ ആയിരുന്നു. മൂത്ത കുട്ടികളുമായി നല്ല പ്രായവ്യത്യാസം ഉണ്ടായിരുന്നത് കൊണ്ട് വിന്നി മാത്രം അവർക്കൊപ്പവും മറ്റുള്ളവർ നാട്ടിലുമായി. ദമ്മാമിലെ ഇന്റർനാഷണൽ ഇന്ത്യൻ സ്കൂളിൽ ചെലവിട്ട പത്താംക്ലാസ്സ് വരെയുള്ള ജീവിതത്തിൽ വിന്നിക്ക് നഷ്ടപ്പെട്ടത് ബാക്കി സഹോദരങ്ങൾക്കും മുത്തച്ഛനും മുത്തശ്ശിക്കും ഒക്കെ ഒപ്പമുള്ള ദിവസങ്ങൾ ആയിരുന്നു. അതിന് പകരം വിന്നി കവിതകൾ എഴുതി. പ്രകൃതിയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഒക്കെ.

പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കി വിന്നി നാട്ടിലെത്തി. പക്ഷേ പിന്നെയും ആഗ്രഹിച്ച പോലെ വീട്ടിൽ നിന്നായിരുന്നില്ല പഠനം. തിരുവനന്തപുരം സരസ്വതി വിദ്യാലയത്തിലെ പ്ലസ് ടു പഠനവും എഴുത്തിനോടുള്ള അഭിനിവേശം കൊണ്ട് ചേർന്ന മാർ ഇവാനിയോസിലെ മാസ്സ് കമ്മ്യൂണിക്കേഷൻ ബിരുദപഠനവും ഒക്കെ ഹോസ്റ്റൽ വിദ്യാർത്ഥിനി ആയിട്ടായിരുന്നു.
ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തരബിരുദം നേടിയ കാലഘട്ടവും വിഭിന്നമായിരുന്നില്ല. ഇക്കാലമൊക്കെ വിന്നി കൂട്ട് പിടിച്ചത് കവിതകളെ ആയിരുന്നു.ഏകാന്തതയും മോഹങ്ങളും മോഹഭംഗങ്ങളും ഒക്കെ വിഷയങ്ങളായി.

21.07.2014ൽ വിന്നി പ്രൊബേഷനറി ഓഫീസർ ആയി കാനറാ ബാങ്കിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കഴക്കൂട്ടം ശാഖയിൽ ആയിരുന്നു ആദ്യനിയമനം. തിരുവനന്തപുരം ജില്ലയിലെ തന്നെ മറ്റ് ചില ബാങ്കുകളിൽ ജോലി ചെയ്ത ശേഷം 2020ൽ സ്കെയിൽ II പ്രൊമോഷനിൽ തമിഴ് നാട്ടിലെ ഗോബിചെട്ടിപ്പാളയം ശാഖയിൽ എത്തിച്ചേർന്നു.

കവിത വിന്നിയെ തേടിയെത്തിയത് 13ആം വയസ്സിൽ ആണ്. എഴിൽ പഠിക്കുമ്പോൾ അച്ഛനാണ് വിന്നിയെ poetry.com എന്ന വെബ്ശ്രംഖലയിലേക്ക് കൂട്ടിക്കൊണ്ട് പോയത്. ആദ്യമൊക്കെ ആകെ ഒരമ്പരപ്പ് ആയിരുന്നെങ്കിലും പതിയെ പതിയെ വിന്നി തന്നെ സ്വയം കണ്ടെത്തുകയായിരുന്നു. തന്റെ ചിന്തകൾക്ക് ചിറകുകൾ വീശാനുള്ള ഇടം ഇതാണെന്ന് വിന്നി തിരിച്ചറിഞ്ഞു. പത്താം ക്ലാസ്സ് എത്തിയതോടെ അതിലെ ചില കവിതകൾ പുസ്തകമാക്കി പ്രസിദ്ധീക്കരിക്കാൻ വിന്നിയുടെ പിതാവ് താല്പര്യമെടുത്ത് പ്രസാധകരെ സമീപിക്കുകയും അവർ സന്തോഷത്തോടെ ആ ദൗത്യം ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെയാണ് 33 കവിതകളുടെ സമാഹരമായ "ലൗലിനെസ്സ് ഓഫ് ഡ്ഡാൺ" എന്ന കവിതാസമാഹാരം 2004ൽ പുറത്തിറങ്ങുന്നത്. അന്ന് എഴുത്തുകാരി 11ആം ക്ലാസ്സ് വിദ്യാർത്ഥിനി മാത്രം. അന്നതിന് മുഖവുര എഴുതിയത് പ്രശസ്ത കവി ഡോക്ടർ അയ്യപ്പപ്പണിക്കർ സാറായിരുന്നു എന്ന് പറയുമ്പോൾ വിന്നിയുടെ ശബ്ദം അഭിമാനപൂരിതമായി.
വിന്നിയുടെ കവിതകളിൽ വിഷയമാവാത്തത് ഒന്നുമുണ്ടായില്ല. പ്രകൃതി,

ബാല്യം, യുദ്ധം, വർണങ്ങൾ, പ്രണയം... എല്ലാം അതിൽ കടന്നുവന്നു. എല്ലാറ്റിനോടും തന്റേതായ രീതിയിൽ പ്രതികരിച്ചുകൊണ്ട്. തന്റെ കവിതകൾക്ക് ഒരു താളം ഒന്നും വിന്നി കരുതി വച്ചില്ല. തന്റെ ചിന്തകളുടെ തീവണ്ടികൾ അതിന്റെ പാളത്തിലൂടെ ഒഴുകിയെത്തുന്നതിന് അത് തടസ്സവും ആയില്ല.

തന്റെ മാതാപിതാക്കൾ എഴുത്തിന് എത്രമാത്രം പ്രോത്സാഹനം തനിക്ക് നൽകിയിരുന്നു എന്ന് ഇന്ന് പിന്തിരിഞ്ഞു നോക്കുമ്പോൾ വിന്നി അതിശയിക്കുന്നു. അവർ മാത്രമല്ല, കൂട്ടുകാർ, അധ്യാപകർ ഒക്കെ വിന്നിയുടെ ആരാധകരും വിമർശകരും ആയി. അവർ വിന്നിക്ക് വഴികാട്ടികളായി, തിരുത്തൽശക്തികളായി. എഴുത്ത് കൂടുതൽ നന്നാക്കാൻ അതൊക്കെ ഊർജമായി.

തന്റെ വാക്കുകൾ വാക്കുകളില്ലാത്തവരുടെ ശബ്ദം പ്രതിധ്വനിപ്പിക്കുവാൻ ഉള്ളതാണെന്ന് വിന്നി തിരിച്ചറിഞ്ഞു. സമൂഹത്തിലെ അനീതികൾക്കെതിരെയും സമൂഹം തിരസ്കരിച്ചവർക്ക് വേണ്ടിയും ഒക്കെ വിന്നി എഴുതി.
"പൊട്ടിപ്പോയ സ്വപ്നങ്ങളും പ്രതീക്ഷകളും", അഴുക്ക് പാതകൾ" ഇവയൊക്കെ അതിനുദാഹരണങ്ങളാണ്. "അഴുക്ക് പാതകൾ" ചുവന്ന തെരുവിൽ പെട്ടുപോയ പാവം സ്ത്രീകളെക്കുറിച്ചാണെങ്കിൽ "പൊട്ടിപ്പോയ സ്വപ്നങ്ങളും പ്രതീക്ഷകളും" യുദ്ധത്തേക്കുറിച്ചാണ്.

ഒരെഴുത്തുകാരിയുടെ മുന്നിലെ ഏറ്റവും വലിയ വെല്ലുവിളി വായനക്കാരന്റെ പ്രതീക്ഷകൾക്കൊത്തുയരുക എന്നതാണെന്ന് വിന്നി വിശ്വസിക്കുന്നു. എന്നും അതിന് വേണ്ടിയാണ് അവരുടെ പരിശ്രമവും. ഇതിനിടയിൽ കവിതയിൽ ചില പരീക്ഷണങ്ങളും വിന്നി നടത്തുന്നുണ്ട്. സംഗീതത്തിൽ ഫ്യൂഷൻ ഉള്ളത് പോലെ വിവിധവിഷയങ്ങൾ ഒരു കവിതയിൽ തൊട്ട് തൊട്ട് പോകുന്ന ഒന്ന്.
ഒരു കവിത എഴുതി തുടങ്ങിയാൽ ഒറ്റയിരുപ്പിന് പൂർത്തിയാക്കുന്നതാണ് വിന്നിയുടെ രീതി. ഒരിക്കലും പകുതി എഴുതി പിന്നീട് പൂർത്തിയാക്കുന്ന പതിവില്ല. തുടങ്ങിയാൽ ഒരൊഴുക്കിൽ പെട്ട് കടവിൽ അടുക്കും പോലെയാണ് വിന്നിയുടെ കാവ്യയാത്ര.

വിന്നിയുടെ ആദ്യകാലത്തെ കവിത "ലൗലിനെസ്സ് ഓഫ് ഡാൺ"2001ൽ അമേരിക്കയിലെ അന്താരാഷ്ട്രകാവ്യസംഘടനയുടെ എഡിറ്റേഴ്സ് ചോയ്സ് അവാർഡ് കരസ്ഥമാക്കിയിരുന്നു.
2009ൽ പുറത്തിറങ്ങിയ "ഫ്ലവേർസ് ഓൺ ദി വയലിൻ" എന്ന സമാഹാരത്തിന് അവതാരിക എഴുതിയത് ഡോക്ടർ എം ലീലാവതി ടീച്ചർ ആയിരുന്നു എന്ന് വിന്നി ഉൾപ്പുളകത്തോടെ പറയുന്നു. ഈ പുസ്തകത്തിന് 2009ൽ "ബ്ലൂ മാംഗോ ബുക്ക്" ഏറ്റവും മികച്ച സ്റ്റുഡന്റ് പോയറ്റ് അവാർഡ് നൽകി. ഒരു ലക്ഷം രൂപയായിരുന്നു അവാർഡ് തുക.

താനെഴുതുന്ന ഓരോ കവിതയും ആസ്വദിച്ചാണ് എഴുതാറ് എന്ന് വിന്നി അടിവരയിടുന്നു. അതാണതിൽ നിറയുന്ന ആസ്വാദ്യത എന്ന് അവർ വിശ്വസിക്കുന്നു. തന്റെ കവിതയിലെ പെൺകുട്ടി വഴിയരുകിൽ കാത്ത് നിന്നത് തന്റെ കണ്മുന്നിൽ കണ്ടതാണെന്നും ആ അന്ധനായ യുവാവിന്റെ വയലിൻ സംഗീതം താൻ കേട്ടതാണെന്നും വിന്നി വിശ്വസിക്കുന്നു.

കവയിത്രിയുടെ വളർച്ചയും ചിന്തകളിൽ കാലത്തിനനുസരിച്ചുണ്ടായ മാറ്റങ്ങളുമൊക്കെ ഈ രണ്ട് പുസ്തകങ്ങളിലൂടെ കടന്ന് പോകുമ്പോൾ ഒരേ വിഷയങ്ങൾ രണ്ടിലും കടന്നുവരുന്നിടത്ത് വ്യക്തമാകും.
"ലൗലിനെസ്സ് ഓഫ് ഡാൺ" എന്ന കവിത വായിച്ച് മുൻ രാഷ്ട്രപതി ആരാദ്ധ്യനായ ഡോക്ടർ എ പി ജെ അബ്ദുൽകലാം എഴുതിയ അഭിനന്ദനകുറിപ്പ് വിന്നി ഇന്നും നെഞ്ചോട് ചേർത്ത് വയ്ക്കുന്നു. തന്റെ ചില കവിതകൾ സംഗീതാവിഷ്ക്കാരം നൽകി ഒരാൽബം ആക്കി റിലീസ് ചെയ്ത മുഹൂർത്തവും നെഞ്ചിലെ ചെപ്പിൽ സൂക്ഷിച്ചുവച്ച മുത്താണ്. കാരണം അത് പ്രകാശനം ചെയ്തത് ദക്ഷിണേന്ത്യയുടെ പ്രിയഗായകൻ എസ് പി ബി ആണെന്നത് കൊണ്ട്. വിന്നിയുടെ കവിതകളുടെ ലിങ്ക് താഴെ ചേർക്കുന്നു.

നമ്മുടെ ഗ്രൂപ്പിലൂടെ വിന്നി തിരിച്ചറിഞ്ഞ മറ്റൊരു കഴിവാണ് ചിത്രരചന. ഇഷ്ടമുള്ളതൊക്കെ വരയ്ക്കാനും ഇപ്പോൾ വിന്നി സമയം കണ്ടെത്തുന്നു. വിന്നിയുടെ ജീവിതപങ്കാളി അഭിജിത് ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഇവരുടെ കാവ്യസൂനം തൻവിക്കൊപ്പം സമയം ചിലവിടുമ്പോഴും വിന്നിയുടെ മനസ്സ് പുതിയ ഒരു കവിതയെ തേടുകയാവും.

ഒരെഴുത്തുകാരിയുടെ ഏറ്റവും വലിയ ഉത്തരവാദിത്വം തന്റെ വായനക്കാരന്റെ പ്രതീക്ഷക്കൊത്തുയരുക എന്നതാണെന്ന് വിന്നി വിശ്വസിക്കുന്നു. റോബർട്ട് ഫ്രോസ്റ്റ് എഴുതിയ പോലെ "ഉറങ്ങും മുൻപ് ഏറെ യാത്ര ചെയ്യാനുണ്ട്...." നമ്മുടെ എഴുത്തുകാരിക്ക്. ആ യാത്ര ഈ എഴുത്തുകാരിയുടെ ജീവിതത്തിൽ സഫലമായ നിമിഷങ്ങൾ ഏറെ നൽകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.